ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം. എഡി.സി5/16428/എച്ച്.എസ്.ഇ/2011** **തീയതി :08/08/2011**

# സർക്കുലർ

വിഷയം:- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം വിശദാംശങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്

ഹയർ സെക്കന്ററി അദ്ധ്യാപകരുടെ 2011-2012 അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിന് മുന്നോടിയായി എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും അതത് സ്കൂളുകളിലെ നിലവിലുള്ള എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകരുടെ വിശദാംശങ്ങളും ഒഴിവുകളും രണ്ടാം ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണവും **http://www.hscap.kerala.gov.in/transfer** എന്ന വെബ് സൈറ്റിൽ ആഗസ്റ്റ് **8** മുതൽ **10** വരെ കൃത്യമായി അപ് ലോഡ് ചെയ്യേണ്ടതാണ്.

ഏകജാലക പ്രവേശനത്തിന്റെ ഡേറ്റാ എൻട്രി യൂസർ ആണ് ഇതിലേക്കുള്ള ഡേറ്റാ എൻട്രി നടത്തേണ്ടത്. ഏകജാലകത്തിന്റെ യൂസർ ഐ.ഡി യാണ് ഉപയോഗിക്കേണ്ടത്. ഡേറ്റാ എൻട്രിക്കു ശേഷം പ്രിൻസിപ്പൽ admin ID ഉപയോഗിച്ച് Data confirm ചെയ്ത് ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യണം.

എച്ച്.എസ്.എസ്.റ്റി ജൂനിയറിൽ നിന്നും എച്ച്.എസ്.എസ്.റ്റി ആയും എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ എന്നീ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.ടി/ എച്ച്.എസ്.എസ്.ടി (ജൂനിയർ) ആയും നിയമനം ലഭിച്ചവരെയും പി.എസ്.സി വഴി 2010-2011 വർഷത്തെ പൊതുസ്ഥലമാറ്റത്തിനു ശേഷവും (24/01/2011 ന് ശേഷം) 2011-2012 അദ്ധ്യയന വർഷത്തിലും എച്ച്.എസ്.എസ്.ടി/ എച്ച്.എസ്.എസ്.ടി (ജൂനിയർ) ആയി നിയമനം ലഭിച്ചവരേയും വ്യവസ്ഥകൾക്ക് വിധേയമായാണ് നിയമിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള നിയമനങ്ങൾ വേക്കൻസി അപ് ലോഡ് ചെയ്യുമ്പോൾ വ്യവസ്ഥകൾക്ക് വിധേയമായി (conditional) എന്ന് കണക്കാക്കി അപ് ലോഡ് ചെയ്യാൻ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്. ഡേറ്റാ അപ്ലോഡ് ചെയ്യുന്നതിന്റെ ഉത്തരവാദിത്വം പ്രിൻസിപ്പലിൽ നിക്ഷിപ്തമാണ്. അതിനാൽ കൃത്യതയോടെയും സൂക്ഷ്മതയോടെയും നിശ്ചിത സമയപരിധിക്കുള്ളിൽ ഡേറ്റാ അപ് ലോഡ് ചെയ്യാൻ എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും ശ്രദ്ധിക്കേണ്ടതാണ്.

**ഒപ്പ്/-**
**ഡയറക്ടർ**

**പകർപ്പ് :**

**എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും**